II ഇ.ബി. XI-കേരള നിയമസഭ/V11

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2003 ഫെബ്രുവരി 24, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

73 (*297) വിള ഇൻഷ്വറൻസ് പദ്ധതി

കൃഷിയും കയറും വകുപ്പു മന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ) നൽകിയ മറുപടിയിൽ, നെല്ല്, തെങ്ങ്, കവുങ്ങ്, റബ്ബർ തുടങ്ങി 25 ഇനം വിളകൾക്ക് പരിരക്ഷ നൽകുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം അംഗങ്ങളായ എല്ലാ വിഭാഗത്തിൽപ്പെട്ട കർഷകർക്കും ലഭിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇപ്പോൾ ഇൻഷ്വറൻസ് പരിരക്ഷയുള്ള കപ്പ, വാഴ, ഇഞ്ചി എന്നീ വിളകൾക്കു പുറമേ മഞ്ഞൾ, കൈതച്ചക്ക എന്നിവ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. ദേശീയ വിള ഇൻഷ്വറൻസിനെക്കുറിച്ച് പ്രചരണം നടത്തി കൂടുതൽ കൃഷിക്കാരെ അംഗങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാന തലത്തിൽ കൃഷിക്കാർ കൃഷി ഓഫീസുകളിൽ നേരിട്ട് പ്രീമിയം അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്നുണ്ട്. സർക്കാർ പ്രീമിയം തുകയുടെ പലിശയുൾപ്പെടെയാണ് അടയ്ക്കുന്നത്. 25,000 രൂപവരെയുള്ളത് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസിലും ഒരു ലക്ഷം രൂപവരെയുള്ളത് കളക്ടറേറ്റിലും അതിനു മുകളിലുള്ളത് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ അധികാര പരിധിയിലുമാണ് അടയ്ക്കേണ്ടത്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇക്കൊല്ലം ഇതുവരെ 122,282 കർഷകർ അംഗങ്ങളായിട്ടുണ്ട്.

ഇവരുടെ വിളനാശത്തിന് ഇക്കൊല്ലം 1076.46 ലക്ഷം രൂപ നഷ്ടപരിഹാരത്തുകയായി കൊടുത്തിട്ടുണ്ട്. നഷ്ടം തിട്ടപ്പെടുത്തുന്നതിന് ഇപ്പോൾ സ്വീകരിക്കുന്ന ബ്ലോക്ക് തലത്തിലുള്ള ക്രോപ്പ് കട്ടിംഗ് എക്സ്പെരിമെന്റ് രീതി പരിഷ്ക്കരിച്ച് കൃഷിക്കാരന് പരമാവധി പ്രയോജനം കിട്ടത്തക്കവിധം പാടശേഖരം വരെയാക്കുന്നതിനും നഷ്ടം യഥാസമയം പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിനും വേണ്ട കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുമായി ബന്ധപ്പെട്ട്, കൂടുതൽ സ്റ്റാഫ് കിട്ടുന്ന മുറയ്ക്ക് ഫീൽഡ് നടപടികളിൽ മാറ്റം വരുത്തുന്നതാണ്. ചിറ്റൂർപ്പുഴ പ്രദേശത്തെ കൃഷി നാശം തിട്ടപ്പെടുത്തി നഷ്ടപരിഹാരം ലഭ്യമാക്കാൻ റവന്യൂ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന പരിഷ്ക്കാരങ്ങൾ കൃഷിക്കാരിൽ എത്തിക്കുന്നതിന് കൃഷി ഓഫീസർമാർ ആഴ്ചയിൽ മൂന്നു ദിവസം ഫീൽഡ് വിസിറ്റു ചെയ്യണമെന്ന ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ടെലിവിഷൻ വഴി പ്രചരിപ്പിക്കാനുള്ള നടപടികളും എടുത്തുവരികയാണ്. കാർഷിക മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പും ലാന്റ് യൂസ് ബോർഡുമായി സംയോജിച്ച് ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ സോയിൽ സർവേ നടത്തി മാപ്പ് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും പഞ്ചായത്തുകളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്.. ബയോ ടെക്നോളജി ഉപയോഗിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ഐ.റ്റി. പ്രയോജനപ്പെടുത്തികൂടുതൽ രോഗപ്രതിരോധ നടപടികൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ചും പഠിച്ച ഡോ. ചോപ്ര കമ്മിറ്റിയുടെ കരട് റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കിവരുന്നു; ഫൈനൽ റിപ്പോർട്ട് കിട്ടിയതിനുശേഷം കർഷക സംഘടനകളുമായും നിയമസഭയിലും ചർച്ച ചെയ്യുന്നതാണ്. അടൂർ നിയോജകമണ്ഡലത്തിലെ വാനില കൃഷിക്കുവേണ്ടിയുള്ള പ്രോജക്ടിന് നാഷണൽ ഹോർട്ടികൾച്ചർ ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നുള്ള സഹായം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. കാർഷികാവശ്യത്തിനുള്ള വൈദ്യുതിച്ചാർജ്ജ് കുടിശ്ശികയിൽ 10 കോടി രൂപ അടച്ചിട്ടുണ്ടെന്നും സ്പെഷ്യൽ പാക്കേജ് പദ്ധതിയനുസരിച്ച് ലഭിച്ച തുകകൊണ്ട് ഇക്കൊല്ലത്തെ സബ്സിഡി

കൊടുത്തുതീർത്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

74 (*298) ടൂറിസത്തിന്റെ മറവിലുള്ള വനനശീകരണം തടയാൻ പരിപാടി

വനവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. കെ. സുധാകരൻ) നൽകിയ മറുപടിയിൽ, ടൂറിസത്തിന്റെ മറവിലുള്ള വനനശീകരണം തടയാൻ വനാന്തർഭാഗങ്ങളിൽ പരിസ്ഥിതി-സൗഹൃദ ടൂറിസം മാത്രമേ അനുവദനീയമായിട്ടുള്ളൂവെന്ന് സഭയെ അറിയിച്ചു. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ജനപങ്കാളിത്തത്തോടെയുള്ള വന സംരക്ഷണ സമിതികളും ഇക്കോ-ഡവലപ്മെന്റ് കമ്മിറ്റികളും മുഖേനയാണ് സംസ്ഥാനത്ത് ഇക്കോ-ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രാദേശിക പങ്കാളിത്ത വന സംരക്ഷണ സമിതികൾ ദൈനംദിന ഇക്കോ-ടൂറിസം പ്രവർത്തനങ്ങൾ നേരിട്ട് പരിശോധിക്കുന്ന സംവിധാനം നിലവിലുണ്ട്. വനം വകുപ്പു ആവിഷ്കരിച്ച എല്ലാ ഇക്കോ-ടൂറിസം പദ്ധതികളുടേയും ചുമതല പ്രാദേശിക വന സംരക്ഷണ സമിതികൾക്കുതന്നെയാണ്. ട്രൈബൽ വന സംരക്ഷണ സമിതിയുടെ നിയന്ത്രണത്തിലുള്ള വാഴച്ചാൽ ഇക്കോ-ടൂറിസം പദ്ധതിവഴി പിരിച്ചെടുക്കുന്ന യൂസേഴ്സ് ഫീസ് അവിടത്തെ ലൈഫ് ഗാർഡ്സിന്റെ ചെലവിനായി വിനിയോഗിക്കുന്നു. വനം വകുപ്പു തയ്യാറാക്കുന്ന ഇക്കോ-ടൂറിസം പ്രോജക്ടുകൾ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് ടൂറിസം വകുപ്പ് നടപ്പിലാക്കുന്നുണ്ട്. അതനുസരിച്ച് കോന്നിയിൽ 2 കോടി രൂപയുടെ ഇക്കോ-ടൂറിസം പദ്ധതി ഉടനെ ആരംഭിക്കുന്നതാണ് ആറളത്തെ 2 കോടി രൂപയുടെ. പ്രോജക്ട് സർക്കാരിന്റെ പരിഗണനയിലാണ്. കോഴിക്കോട് വി.കെ. കൃഷ്ണമേനോൻ സ്മൃതിവനം പദ്ധതി എത്രയും വേഗം പൂർത്തീകരിക്കാൻ നടപടിയെടുക്കുന്നതാണ്. 75 ലക്ഷം രൂപ ചെലവു വരുന്ന തൊമ്മൻകുത്ത് പദ്ധതിയും നിലമ്പൂർനിയോജകമണ്ഡലത്തിലെ നെടുങ്കയം ഇക്കോ-ടൂറിസം പദ്ധതിയും നടപ്പിലാക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം ഇക്കോ-ടൂറിസം പദ്ധതി ഗവൺമെന്റിന്റെ പരിഗണയിലാണ്. ടൂറിസ്റ്റു സോണിൽ നടത്തുന്ന

പ്രവർത്തനങ്ങൾ കോർ സോണിനെ ബാധിക്കാത്ത വിധത്തിൽ ഇൻസുലേറ്റഡ് ബഫർ സോൺ കൊണ്ട് വേർതിരിച്ചാണ് ഇക്കോ-ടൂറിസം നടപ്പിലാക്കുന്നത്. പരിസ്ഥിതിക്കു കോട്ടം തട്ടുന്നതോ, വനനശീകരണത്തിന് ഇടയാക്കുന്നതോ ആയ പ്രവർത്തനങ്ങൾ ഇക്കോ-ടൂറിസം പദ്ധതികളിൽ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ലെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

75 (*299) <u>കാർഷിക സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾ</u>

കൃഷിയും കയറും വകുപ്പു മന്ത്രി നൽകിയ മറുപടിയിൽ, കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സർവ്വകലാശാലയിലെ ശാസ്ത്രജ്ഞൻമാരുടെ പ്രധാന ഗവേഷണ ഫലങ്ങൾ താഴെ പറയുന്നവയാണ്:

കേരളത്തിലെ പ്രധാന കാർഷിക വിളകളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് അത്യുൽപ്പാദനശേഷിയുള്ള വിത്ത്/നടീൽ വസ്തുക്കൾഎന്നിവ ഉരുത്തിരിച്ചെടുത്തിട്ടുണ്ട്.

കീടരോഗബാധയെക്കുറിച്ച് പഠനം നടത്തി രോഗനിയന്ത്രണത്തിന് സംയോജിത കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

ഓരോ വിളകൾക്കും അനുയോജ്യമായ വളപ്രയോഗരീതി ഗവേഷണം നടത്തി ശുപാർശ ചെയ്തിട്ടുണ്ട്.

മൽസ്യ കൃഷിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്കേരളത്തിലെ വിവിധ പ്രദേശങ്ങൾക്ക് അനുയോജ്യമായ മൽസ്യ വർഗ്ഗങ്ങളെ കണ്ടെത്തുകയും അവയ്ക്കുള്ള പരിപാലന മുറകൾ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

നല്ലയിനം കാലി വർഗ്ഗങ്ങളെക്കുറിച്ച് പഠനം നടത്തി കേരളത്തിന് അനുയോജ്യമായവ തെരഞ്ഞെടുത്തിട്ടുണ്ട്. മുന്തിയ ഇനം കോഴി, താറാവ് എന്നിവ കണ്ടെത്തിശുപാർശ ചെയ്തിട്ടുണ്ട്.

കാർഷിക സർവ്വകലാശാല പുതുതായി വികസിപ്പിച്ചെടുത്ത നെൽവിത്തിനങ്ങൾ വർഷ, ശ്വേത, ഗൗരി, ചിങ്ങം, ധനു, കുഞ്ഞുകുഞ്ഞുവർണ്ണ, കുഞ്ഞുകുഞ്ഞു പ്രിയ എന്നിവയാണ്. തെങ്ങിന്റെ കാറ്റുവീഴ്ച തടയുന്നതിന് രോഗപ്രതിരോധശേഷിയുള്ള തെങ്ങിൻതൈകൾ കൃഷി ചെയ്യുകയും സർവകലാശാല നിർദ്ദേശിച്ചിട്ടുള്ള സംയോജിത വളപ്രയോഗ രീതി, കീടനിയന്ത്രണ രീതി എന്നിവ അവലംബിക്കുയും ചെയ്യുന്നു. വേപ്പെണ്ണ/വെളുത്തുള്ളി മിശ്രിതം മഴയില്ലാത്ത സമയത്ത് വർഷത്തിൽ രണ്ടു തവണ വീതം തുടർച്ചയായി രണ്ടു മൂന്നു വർഷം തളിക്കുക, വേപ്പ് അടിസ്ഥാനമാക്കിയ കീടനാശിനികളും കലക്കി തളിക്കാവുന്ന സൾഫർ അടങ്ങിയ

കീടനാശിനികളും ഉപയോഗിക്കുക എന്നിവയാണ് മണ്ഡരി രോഗ നിയന്ത്രണ മാർഗ്ഗങ്ങൾ. മുഞ്ഞരോഗം നിയന്ത്രിക്കുന്നതിനുതകുന്ന വിത്തിനങ്ങളും നടീൽ വസ്തുക്കളും കീടനാശിനികളും പ്രതിപാദിക്കുന്ന ഒരു പാക്കേജിന് സർവ്വകലാശാല രൂപം കൊടുത്തിട്ടുണ്ട്. ഈ സർവകലാശാലയിലെ പ്രശസ്തരായ ശാസ്ത്രജ്ഞൻമാരുടെ ഗവേഷണ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് എല്ലാവിധ അംഗീകാരവും പ്രോൽസാഹനങ്ങളും നൽകുന്നുണ്ട്. കൃഷി–ഫിഷറീസ് വകുപ്പുമന്ത്രിമാർ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തതതിനുശേഷമേ നെല്ലും മീനും പദ്ധതി നടപ്പിലാക്കുകയുള്ളൂവെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

76 (*300) ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്

കൃഷിയും കയറും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളത്തിന്റെ ഉല്പന്നങ്ങളെ രാജ്യാന്തര മാർക്കറ്റിൽ മത്സരക്ഷമമാക്കുന്നതിന് എടുക്കേണ്ട നടപടികളെ സംബന്ധിച്ച് ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ശുപാർശകൾ ഗവൺമെന്റ് പരിശോധിച്ചുവരികയാണെന്നും കയറ്റുമതി സാദ്ധ്യതയുള്ള വിളകൾ തെരഞ്ഞെടുത്ത് അവയ്ക്ക് കാർഷിക കയറ്റുമതി മേഖലകൾ ഉണ്ടാക്കുക, വ്യാപാര കാര്യങ്ങൾക്ക് ഒരു 'വെൻചർ യൂണിവേഴ്സിറ്റി' സ്ഥാപിക്കുക, ഗുണമേന്മാ നിയന്ത്രണം കാര്യക്ഷമമാക്കുക, ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, തേയില, കാപ്പി, ഭക്ഷ്യ എണ്ണകൾ തുടങ്ങിയവയുടെ ഇറക്കുമതി തീരുവ പരമാവധി വർദ്ധിപ്പിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുക, മാർക്കറ്റ് ഇൻഫർമേഷൻ നെറ്റ് വർക്ക് നടപ്പാക്കുക, വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വിജ്ഞാന വ്യാപനം മെച്ചപ്പെടുത്തുക എന്നീ കാര്യങ്ങളിൽ നടപടി ആരംഭിച്ചുകഴിഞ്ഞുവെന്നും അറിയിച്ചു:

77 (*303) അബ്കാരി നയം

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, മൂന്നും അതിനു മുകളിൽ സ്റ്റാർ ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്കും കേന്ദ്ര സർക്കാരിന്റെ
അംഗീകാരമുള്ള ഹെറിറ്റേജ് ഹോട്ടലുകൾക്കും നിലവിലുള്ള വിദേശമദ്യ ചട്ടം അനുസരിച്ച് ബാർ ലൈസൻസ് നൽകിവരുന്നുണ്ടെന്ന് അറിയിച്ചു.

78 (*317) <u>ഉപഭോക്തൃ തർക്കപരിഹാര കോടതികളുടെ പ്രവർത്തനം</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിനും ഉപഭോക്തൃ സംരക്ഷണത്തിനുമായി സംസ്ഥാന തലത്തിൽ ഒരു ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും പതിനാല് ജില്ലകളിലും ഓരോ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറവും പ്രവർത്തിച്ചുവരുന്നുണ്ടെന്ന് അറിയിച്ചു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സന്നദ്ധ ഉപഭോക്തൃ സംഘടനകളുടെ പ്രവർത്തനങ്ങളെ സർക്കാർതലത്തിൽ പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്. ഉപഭോക്താക്കളുടെ ബോധവൽക്കരണത്തിനായി കേന്ദ്ര സർക്കാരിന്റെ ആശ്രിതി സിവിൽ യോജന പരിപാടിയനുസരിച്ച് ഈ വർഷം ജില്ലാതലങ്ങളിൽ ഒരു പൊതുപരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ മാർച്ച് 16 ലോക ഉപഭോക്തൃ ദിനമായും ഡിസംബർ 24 ദേശീയ ഉപഭോക്തൃ ദിനമായും ആചരിക്കുന്നു. ഇതേ ലക്ഷ്യം വച്ചുകൊണ്ട് ഒരു ഉപഭോക്തൃ ജേർണലിന്റെ പ്രസിദ്ധീകരണം, പഞ്ചായത്ത് അംഗങ്ങൾക്ക് പരിശീലനം, പുസ്തകങ്ങൾ, ലഘുലേഖകൾ തുടങ്ങിയവയുടെ അച്ചടിയും വിതരണവും, ഡോക്കുമെന്ററി ഫിലിം നിർമ്മാണം തുടങ്ങിയ വിപുലമായ പരിപാടികളും തയ്യാറാക്കിയിട്ടുണ്ട്.

79 (*319) <u>സ്വർണ്ണവ്യാപാരത്തിൽ നിന്നുള്ള വിൽപന നികുതി</u>

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 2001–2002–ൽ 36.41 കോടി രൂപയും 2002–2003–ൽ (31–12–2002 വരെ) 26.93 കോടി രൂപയും സ്വർണ്ണവ്യാപാര വില്പന നികുതിയായി ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

94 (1756) <u>ട്രഷറികളിൽ സ്ഥിര നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക്</u>

കൊമേഴ്സ്യൽ ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് കുറച്ചതുമുതൽ 2002 ഡിസംബർ 31 വരെ സംസ്ഥാന ട്രഷറികളിൽ 1447,54,94,392 രൂപയ്ക്കുള്ള സ്ഥിര നിക്ഷേപങ്ങൾ കിട്ടുകയുണ്ടായി. 1–1–2003 മുതൽ ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്ക് ഒരു വർഷം മുതൽ മൂന്നു വർഷം വരെ 9.5 ശതമാനവും മൂന്നു വർഷത്തിനു മുകളിൽ 10 ശതമാനവും നിരക്കിൽ പലിശ നൽകുന്നു.

95 (1759) മദ്ധ്യകാല സാമ്പത്തിക പരിഷ്കരണ പരിപാടി

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന മദ്ധ്യകാല സാമ്പത്തിക പരിഷ്കരണ പരിപാടി (MTFRP) അനുസരിച്ച് കഴിഞ്ഞ പദ്ധതി കാലങ്ങളിൽ പദ്ധതി നിർവഹണത്തിനായി അനുവദിച്ച തസ്തികകൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുടരുകയും അല്ലാത്തവ ഉചിത മേഖലകളിലേക്ക് പുനർവിന്യാസം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനും പുതിയതായി എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത് നിർത്തിവയ്ക്കാനും 2004–2005–ൽ ഡെബ്റ്റ് സർവീസ് വരുമാനത്തിന്റെ 25 ശതമാനമായി നിജപ്പെടുത്താനും സംസ്ഥാന ബഡ്ജറ്റിൽ നിന്നുള്ള സബ്സിഡികൾ ഓരോ വർഷവും 80 കോടി രൂപ അധികരിക്കാതെ നിജപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉചിതമായ പുനഃഘടനയിലൂടെ സംസ്ഥാന ബഡ്ജറ്റിൽ അധിക ബാദ്ധ്യത വരാതിരിക്കുവാനും അവയിൽ നിന്നും അധിക വരുമാനം ലഭിക്കുന്നതിനുമുള്ള നടപടികളും , സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് നഷ്ടം ഒഴിവാക്കി പ്രവർത്തിക്കുന്നതിനും സംസ്ഥാന ബഡ്ജറ്റിന് യാതൊരു അധിക ബാദ്ധ്യതയും ഉണ്ടാകാതിരിക്കുവാനുമുള്ള നടപടികളും, Tax, GSDP (Gross State Domestic Product) അനുപാതവും Nontax, GSDP അനുപാതവും മെച്ചപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മദ്ധ്യകാല സാമ്പത്തിക പരിഷ്കരണ പരിപാടി നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാന സർക്കാരിന്റെ ധനകമ്മിയും റവന്യു കമ്മിയും കുറയുകയും. Tax, GSDP (Gross State Domestic Product) അനുപാതവും Nontax, GSDP അനുപാതവും വർദ്ധിക്കുകയും ഫിസ്ക്കൽ ഇൻഡിക്കേറ്റേഴ്സ് മെച്ചപ്പെടുകയും. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക നിലയിൽ ആശാവഹമായ പുരോഗതിയുണ്ടാവുകയും

ചെയ്തിട്ടുണ്ട്.. മദ്ധ്യകാല സാമ്പത്തിക പരിഷ്കരണ പരിപാടി നടപ്പാക്കിയതിന്റെ ഫലമായി 64.44 കോടി രൂപ കേന്ദ്ര സർക്കാരിന്റെ പ്രോത്സാഹന നിധിയിൽനിന്നും ലഭിച്ചിട്ടുണ്ട്.

96 (1789) <u>അക്ഷയ ലോട്ടറി</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മുതൽകൂട്ടുന്നതിനു വേണ്ടി സർക്കാർ നടത്തിയ അക്ഷയ ലോട്ടറിയിലൂടെ 10,63,76,300 രൂപ സമാഹരിച്ചു.

97 (1814) <u>സപ്ളൈകോയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ പുതിയ പദ്ധതികൾ</u>

മാറിവരുന്ന ഉപഭോക്തൃ താല്പര്യം കണക്കിലെടുത്തും പൊതുവിതരണ സംവിധാനം കൂടുതൽ ഫലപ്രദവും ഗുണപ്രദവുമായി വിനിയോഗിക്കുവാനുള്ള സർക്കാർ നയത്തിന്റെ ഭാഗമായും ഈ സാമ്പത്തികവർഷം 100 മാവേലി സ്റ്റോറുകളെ "ലാഭം" സപ്ളൈകോ മാർക്കറ്റുകളാക്കി മാറ്റുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം നാളിതുവരെ 72 "ലാഭം" സപ്ളൈകോ മാർക്കറ്റുകൾ സംസ്ഥാനത്തിന്റെ വിവിധ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ കേന്ദ്രങ്ങളിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ ഘട്ടംഘട്ടമായി നിലവിലുള്ള സൂപ്പർ മാർക്കറ്റുകളെ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിച്ച് ഉപഭോക്താക്കളെ കൂടുതൽ ആകർഷിച്ച് വിറ്റുവരവ് വർദ്ധിപ്പിക്കുവാനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

98 (1838) <u>വരൾച്ച മൂലമുണ്ടായ കൃഷി നാശം</u>

സംസ്ഥാനത്ത് 2002-2003-ൽ 175934 ഹെക്ടർ പ്രദേശത്തെ ബാധിച്ച വരൾച്ചമൂലം 10418.125 ലക്ഷം രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതായി കണക്കാക്കുന്നു.

........